**"ഭരണഭാഷ- മാതൃഭാഷ"**

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - ലൈഫ് ഭവന പദ്ധതി - ശ്രീ ശ്രീധരൻ, ശ്രീ. ശിവദാസൻ , ശ്രീമതി. രത്നാമണി എന്നിവർക്ക് ഭവന നിർമ്മാണത്തിനുള്ള പ്രത്യേകാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡിബി) വകുപ്പ്**

G.O.(Rt) No.1100/2021/LSGD തീയതി,തിരുവനന്തപുരം, 07/06/2021

---

പരാമർശം:- 1 പാലക്കാട് ലൈഫ് മിഷൻ ജില്ലാ കോ-ഓർഡിനേറ്ററുടെ 17/05/2019-ലെ എൽ.എം ആർ445/18 നമ്പർ കത്ത്.

2 വണ്ടാഴി ഗ്രാമപഞ്ചായത്തിന്റെ 29/11/2019-ലെ സാധാരണ യോഗത്തിലെ 8(2)-നമ്പർ തീരുമാനം.

3 പാലക്കാട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 13/12/2019 തീയതിലെ അപേക്ഷ.

4. 25/02/2020 തീയതിലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റി തീരുമാനം.നം.4.51.

**<u>ഉത്തരവ്</u>**

കുടുംബ റേഷൻ കാർഡിൽ ഉൾപ്പെട്ടതിനാൽ നിലവിലെ മാനദണ്ഡ പ്രകാരം ലൈഫ് ഭവനാനുകൂല്യത്തിന് അർഹതയില്ലെങ്കിലും താഴെപ്പറയുന്നവർക്ക് പ്രത്യേക പരിഗണന നൽകി ലൈഫ് മിഷൻ രണ്ടാം ഘട്ടത്തിൽ ഭവനം നിർമ്മിച്ചു നൽകാൻ അനുമതി നൽകണമെന്ന് ലൈഫ് മിഷൻ ജില്ലാ കോഓർഡിനേറ്റർ പരാമർശം (1) പ്രകാരം ശുപാർശചെയ്യുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ പരാമർശം (2) പ്രകാരമുള്ള വണ്ടാഴി ഗ്രാമപഞ്ചായത്തിന്റെ അപേക്ഷ പരാമർശം 3) പ്രകാരം പാലക്കാട് ജില്ലാ പ്ലാനിംഗ് ഓഫീസർ സർക്കാരിൽ ലഭ്യമാക്കുകയുണ്ടായി.

1. ശ്രീ. ശ്രീധരൻ, പന്തപ്പറമ്പ്, മുടപ്പല്ലൂർ (ഷെഡിൽ താമസിക്കുന്ന ഈ കുടുംബത്തിന്റെ ഗൃഹനാഥൻ ക്യാൻസർ രോഗിയാണ്. 2 പെൺകുട്ടികളാണുള്ളത്).

2. ശ്രീ. ശിവദാസൻ, എം. പാറപ്പടി, വണ്ടാഴി(മൂന്നു കുടുംബങ്ങൾ ഒരു വീട്ടിൽ താമസിക്കുന്നു. ഒരു കുട്ടിക്ക് കിഡ്നി തകരാറുണ്ട്).

3. ശ്രീമതി രത്നാമണി, ചാത്തൻകുറിശ്ശി, നെല്ലിക്കോട്(ഗൃഹനാഥക്ക് അംഗവൈകല്യമുണ്ട്. വിധവയാണ് ഷെഡിൽ താമസിക്കുന്നു. ഒരു മകളുണ്ട്).

സർക്കാർ ഈ വിഷയം 25/02/2020 തീയതിലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയിൽ പരിശോധിച്ച് പരാമർശം (4) പ്രകാരം തീരുമാനമായതിന്റെ അടിസ്ഥാനത്തിൽ മേൽ പറഞ്ഞവർക്ക് ലൈഫ് മിഷൻ രണ്ടാം ഘട്ടത്തിൽ ഭവനം നിർമ്മിച്ചു നൽകാൻ പ്രത്യേക അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
C S Sreekala
Joint Secretary

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

ജില്ലാ പ്ലാനിംഗ് ഓഫീസർ, പാലക്കാട്.

സെക്രട്ടറി, വണ്ടാഴി ഗ്രാമ പഞ്ചായത്ത്, പാലക്കാട്.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ. കെ.എം.

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by Reenamma P A
Date: 10-06-2021 14:41:35
Reason: Approved

സെക്ഷൻ ഓഫീസർ